LIBRARY ARCHIVES Kerala Legislative Assembly

14. ധനസഹായം നൽകുന്നതിനുള്ള നടപടി

ശ്രീ. വി. എൻ. വാസവൻ : സർ, കിളിരൂർ സ്ത്രീ പീഡന കേസ്സിൽ ദാരുണമായി മരണപ്പെട്ട ശാരി എസ്.-നായരുടെ കുട്ടി സ്നേഹാനാഥ് ഇപ്പോൾ വിദ്യാഭ്യാസത്തിനും നിത്യജീവിതത്തിനും വകയില്ലാതെ കഴിയുന്ന ഒരു അവസ്ഥയാണുള്ളത്. ഈ കുട്ടി ഇപ്പോൾ വലിയമ്മയുടെ കൂടെ കഴിയുകയാണ്. ആ കുട്ടിക്ക് വിദ്യാഭ്യാസത്തിനും നിത്യനിദാന ചെലവിനുമായി സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ട് ഞാൻ നേരത്തെ ഒരു നിവേദനം നൽകിയിരുന്നു. ഇതുസംബന്ധിച്ച് ഇതുവരെ തീരുമാനമായില്ല. ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഇടപെട്ട് ആവശ്യമായ ധനസഹായം നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ഈ കേസ്സിൽ ശ്രീ. വി. എൻ. വാസവനും അതിനു മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യനായ പ്രതിപക്ഷ നേതാവുമെല്ലാം വേണ്ടത്ര ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുകയും ഗവൺമെന്റ് സഹായം കൊടുക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശവും ഉണ്ടായിരുന്നു. ഇതിനു പുറമെയാണ് ഇത്തരത്തിലുള്ള ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബുഹമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റേയും ഒപ്പം സ്ഥലം എം.എൽ.എ. ശ്രീ. വി. എൻ. വാസവന്റേയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും ഈ കുട്ടിയുടെ വിദ്യാഭ്യാസത്തിനും മറ്റ് പ്രാഥമികാവശ്യങ്ങൾക്കുമായുള്ള ചെലവിനത്തിലേക്ക്, ആറു വയസ്സായ സ്നേഹക്ക് പ്രായ പൂർത്തിയാകുമ്പോൾ ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ ദേശസാൽകൃത ബാങ്കിൽ സ്ഥിര നിക്ഷേപമായി ഡെപ്പോസിറ്റ് ചെയ്യാൻ കഴിയും. സാമൂഹ്യ ക്ഷേമ വകുപ്പ് അതിന് മുൻകൈയെടുക്കുന്നതാണ്. പ്രായപൂർത്തിയാകുമ്പോൾ ആ തുക കുട്ടിക്ക് തിരിച്ചെടുക്കുകയും ചെയ്യാം. ആ രൂപത്തിൽ നമുക്ക് കൊടുക്കാം.

IV റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ മുപ്പത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ് കുമാർ : സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.